**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം . സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1545 13.6.2014-ൽ മറുപടിയ്ക്ക്**

കൊയിലാണ്ടി കാലിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടിയിൽ തിരവങ്ങൂരിൽ നിർമ്മാണത്തിലിരിക്കുന്ന . കാലിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | എ) തിരുവങ്ങൂരിൽ നിർമ്മാണത്തിലിരിക്കുന്ന പ്ളാന്റിന്റെ സിവിൽ വർക്കിന്റെ 75% പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ ഇറക്ഷന്റെ ഭാഗമായി വരുന്ന സ്ട്രക്ച്ചറൽ വർക്കുകൾ പുരോഗമിക്കുന്നു. ഇറക്കുമതി ചെയ്ത എല്ലാ യന്ത്ര സാമഗ്രികളും സൈറ്റിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന സിലോയുടെ 60% ജോലികൾ കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ അഗ്നിശമനോപകരണങ്ങൾ സ്ഥാപിക്കുന്നതിന്റെ വർക്കുകൾ ,ഡീസൽ ജനറേറ്റർ, ബോയിലർ ഹൗസ്, വേയ് ബ്രിഡ്ജ് ഇവയുടെ വർക്കുകളും സുഗമമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| ബി) കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിലനിൽക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിച്ച് വൈദ്യുതി കണക്ഷൻ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി യിൽ നിന്നും 4 കോടി 69 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ അധിക തുക പൂർണ്ണമായും വഹിക്കാനുള്ള സാമ്പത്തിക ശേഷി കമ്പനിക്ക് ഇല്ലാത്തതിനാൽ തുക കുറച്ചു ലഭിക്കുന്നതിനായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയുടെ 50% കേരള ഫീഡ്സ് വഹിക്കാമെന്ന് തീരുമാനിക്കുകയും, ബാക്കി വരുന്ന 50% കെ.എസ്.ഇ.ബി വിഹിതമായി മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് |

ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് കേരള ഫീഡ്സ് മാനേജിംഗ് ഡയറക്ടർ നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

Sheela

സെക്ഷൻ ഓഫീസർ